(1)

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ .പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in, **വെബ് സൈറ്റ്:** www.dhs.kerala.gov.in

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ (i/c) നടപടിക്രമങ്ങൾ**

**ഹാജർ : ഡോ.നന്ദകുമാർ . കെ.വി**

വിഷയം:- ആരോഗ്യവകുപ്പ് - 31.12.2023 വരെ സേവനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർ ജന്മാരുടെ (അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ/ റസിഡന്റ് മെഡിക്കൽ ഓഫീസർ- അസിസ്റ്റന്റ് സർജൻ കേഡർ) താത്കാലിക സീനിയോറിറ്റി പട്ടിക - പരിഷ്കരിച്ച് - ഉത്തരവാകുന്നു

പരാമർശം:-
1) ഉത്തരവ് നം ഇ എസ് 7-101455/07/ആ.വ.ഡ, തീയതി 21.03.2012
2) കത്ത് നം HEALTH-A3/589/2023-പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്, തിരു - തീയതി: 18.12.2023
3) 21/09/2021, 07/10/2022 തീയതികളിലെ ഈ കാര്യാലയത്തിലെ ഇ.എസ്4-64031/2021/ആ.വ.ഡ നമ്പർ സർക്കുലർ
4) 28.02.2024 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്
5) ഇ.എ സെക്ഷനിൽ നിന്ന് ലഭ്യമായ വിവരങ്ങൾ
6) ജില്ല മെഡിക്കൽ ഓഫിസുകൾ (ആരോഗ്യം) മുഖാന്തിരം ലഭ്യമായ വിവരങ്ങൾ

**ഉത്തരവ് നം: ഡി.എച്ച്.എസ്/3903/2024-ഇ.എസ് 4 (സ്പെഷ്യൽ സെൽ)**

**തിയതി : 22-06-2024**

ആരോഗ്യ വകുപ്പിലെ ജനറൽ കേഡർ, അഡ്മിനിസ്ട്രേറ്റീവ് കേഡർ, സ്പെഷ്യാലിറ്റി കേഡർ/ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി ഗസ്സറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക് മേൽ പരാമർശം 2 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ആരോഗ്യവകുപ്പിൽ 31/12/2023-ൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ഡോക്ടർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച സർക്കുലറിന്റെ ഭാഗമായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം 4 അനുസരിച്ച് താത്കാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത പട്ടികയിന്മേൽ നാളിതുവരെ ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ ലഭ്യമായ വിവരങ്ങളുടെയും, അപ്പീലുകളുടെയും, ഉൾപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ തിരുത്തലുകൾ വരുത്തി മേൽ പരാമർശം 4 പ്രകാരമുള്ള താൽക്കാലിക സീനിയോറിറ്റി പട്ടിക പരിഷ്ക്കരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം 4 അനുസരിച്ച് പ്രസിദ്ധീകരിച്ച പട്ടികയിന്മേൽ ലഭ്യമായ വിവരങ്ങളിൽ പലതും അപൂർണവും, മുൻഗണന നിശ്ചയിക്കാൻ അപര്യാപ്തവുമായതിനാൽ പരാമർശം 2 ലെ സർക്കാർ നിർദ്ദേശ പ്രകാരം 31.12.2023 വരെ സേവനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജന്മാരെ ഉൾപ്പെടുത്തി അന്തിമ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിർദ്ദേശം നൽകുന്നു.

1. സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുന്നതിനു നാളിതുവരെ പ്രൊഫോർമ സമർപ്പിക്കാത്തവർ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച് പി.എസ്.സി നിയമന ശിപാർശ നിയമന ഉത്തരവ്,

പ്രവേശന സമയം ദീർഘിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവ്, ജോയ്നിങ് ആർ.ടി.സി എന്നിവയുടെ പകർപ്പ് സഹിതം സമർപ്പിക്കേണ്ടതാണ്. കൂടാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്.

2. പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ Appendix XII-A/B/C പ്രകാരമുള്ള ശൂന്യവേതന അവധിക്ക് ശേഷം തിരികെ സർവീസിൽ പുനഃ പ്രവേശിച്ചവരുടെ കാര്യത്തിൽ അവധി അനുവദിച്ച ഉത്തരവ്, ജോയ്നിങ് ആർ.ടി.സി എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ് .
3. പ്രൊബേഷൻ കാലയളവിൽ അച്ചടക്ക നടപടികൾ നേരിട്ടുള്ള ജീവനക്കാർ, ആയതിന്റെ വിശദാംശങ്ങളോടൊപ്പം ബന്ധപ്പെട്ട സർക്കാർ ഉത്തരവ്, ജോയ്നിങ് ആർ.ടി.സി എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.
4. വിവരങ്ങൾ ശരിയായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ സീനിയോറിറ്റി നിശ്ചയിച്ച കാര്യത്തിൽ മാത്രം ആക്ഷേപം ഉണ്ടെങ്കിൽ അത്തരം ജീവനക്കാർ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയും അനുബന്ധ രേഖകളുടെ പകർപ്പുകളും സഹിതം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ്.
5. എല്ലാ ഹർജികളിലും ജീവനക്കാരന്റെ **പെൻ** നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
6. ലഭ്യമായ വിവരങ്ങൾ പൂർണമല്ലാത്തത് കാരണം റാങ്ക് നമ്പർ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ജീവനക്കാരെ ക്രമ നം 3819 മുതൽ 4028 വരെ ചേർത്തിട്ടുണ്ട്. ടി ജീവനക്കാരുടെ മുഴുവൻ വിശദാംശങ്ങൾ അടങ്ങിയ പ്രൊഫോർമയും, ബന്ധപ്പെട്ട രേഖകളുടെ പകർപ്പും, സമർപ്പിക്കേണ്ടതാണ്.
7. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അസിസ്റ്റന്റ് സർജൻമാരിൽ പെൻ, ജനനതീയതി, ജോലിയിൽ പ്രവേശിച്ച തീയതി, പി.എസ്.സി നിയമന ശിപാർശ, നിയമന ഉത്തരവ്, പ്രൊബേഷൻ, എന്നീ വിശദാംശങ്ങൾ അപൂർണ്ണമായിട്ടുള്ള, ക്രമ നം 1 മുതൽ 284 വരെയുള്ള അസിസ്റ്റന്റ് സർജൻമാരുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
8. റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിലേക്ക് അനുബന്ധ രേഖകൾ ബന്ധപ്പെട്ട ജീവനക്കാർ സമർപ്പിക്കേണ്ടതാണ്.
9. ഈ സീനിയോറിറ്റി പട്ടിക ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരം എല്ലാ ജില്ലാ മെഡിക്കൽ ഓഫിസർമാരും (ആരോഗ്യം) അതാത് ജില്ലകളിലെ മുഴുവൻ സ്ഥാപന മേധാവികളെയും അറിയിക്കേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഡോക്ടർമാരുടെയും വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ ഇതോടൊപ്പമുള്ള പ്രൊഫോർമയിൽ 1/7/2024- ന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കേണ്ടതാണ്. ആയതിൻ പ്രകാരം ലഭ്യമാകുന്ന ഹർജികളിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധന നടത്തി **8/7/2024 ന് മുൻപായി** ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ **ES-4 സ്പെഷ്യൽ സെല്ലിൽ** പ്രത്യേക ദൂതൻ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന് ഇതിനാൽ അറിയിക്കുന്നു.

അസിസ്റ്റന്റ് സർജൻ വിഭാഗത്തിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക അടിയന്തിരമായി പ്രസിദ്ധീകരിക്കേണ്ടതിനാൽ മേൽ വിഷയത്തിൽ നടപടികൾ സമയബന്ധിതമായും, കൃത്യമായും പാലിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ ജില്ലകളിലെയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ പ്രത്യേക ശ്രദ്ധ നൽകി ഉറപ്പുവരുത്തേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം) സമയബന്ധിതമായി ഹർജികൾ സമർപ്പിക്കാത്തത് കാരണം ഏതെങ്കിലും അസിസ്റ്റൻറ് സർജൻമാർ അന്തിമ സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുകയോ, ഉൾപ്പെടാതെ പോകുകയോ ആണെങ്കിൽ ആയത്

സംബന്ധിച്ച് പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ (ആരോഗ്യം) നിക്ഷിപ്തമായിരിക്കും .

**പരിഷ്ക്കരിച്ച താത്കാലിക സീനിയോറിറ്റി പട്ടികയും റെപ്രസന്റേഷൻ പ്രൊഫോർമയും അനുബന്ധമായി ചേർക്കുന്നു.**

ഉള്ളടക്കം:

1) താത്കാലിക സീനിയോറിറ്റി ലിസ്റ്റ്
2) റെപ്രെസെന്റേഷൻ പ്രൊഫോർമ (Annexure B)

Signed by
Nandakumar.k.v
Date: 22-06-2024 19:22:28

**ആരോഗ്യവകുപ്പ് ഡയറക്ടർ(i/c)**

സ്വീകർത്താവ്:
1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേനെ)
2) ബന്ധപ്പെട്ട ജീവനക്കാർക്ക്
(ആരോഗ്യ വകുപ്പ്ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ് :
1) എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപന മേധാവികൾക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേനെ)
2) ആരോഗ്യ വകുപ്പ്ഡയറക്ടറുടെ വെബ് സൈറ്റ്